മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ്

21(*231) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് 140 അടി ആയി ഉയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡാമിന്റെ ഷട്ടറുകൾ ഒന്നൊഴികെ മറ്റുള്ളവ പ്രവർത്തനരഹിതമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഡാമിൽ നിന്നും തമിഴ്നാട് വെള്ളം കൊണ്ടുപോകുന്നത് നിർത്തി വച്ചിരിക്കുകയാണെന്നും ഒരാഴ്ച കഴിഞ്ഞു മാത്രമേ ഷട്ടർ ഇറക്കാൻ സാധ്യതയുള്ളൂ എന്നുമുള്ള തമിഴ്നാടിന്റെ വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തമിഴ്നാട് അടിയന്തരമായി ഡാമിന്റെ ഷട്ടർ ഇറന്ന് വെള്ളം കൊണ്ടുപോകണമെന്ന് നിർദ്ദേശം നൽകാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് സ്ഥിതിഗതികൾ വിലയിരുത്തി; ഇക്കാര്യത്തിൽ ജനങ്ങൾക്കുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച മേൽനോട്ട സമിതി ചെയർമാനോടും കേന്ദ്ര ജല കമ്മീഷനോടും കേന്ദ്ര സർക്കാരിനോടും യഥാസമയം അഭ്യർത്ഥിച്ചിരുന്നു.

(ബി) സുപ്രീംകോടതി നിയോഗിച്ച മേൽനോട്ട സമിതി അണക്കെട്ടിലെ സ്പിൽവേ ഷട്ടറുകളുടെ പ്രവർത്തനക്ഷമത ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ജലനിരപ്പ് 142 അടിയിൽ എത്തിയ സാഹചര്യത്തിൽ ഷട്ടറുകൾ ആവശ്യാനുസരണം പ്രവർത്തിപ്പിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അണക്കെട്ടിൽനിന്നും വെള്ളം കൊണ്ടുപോകുന്നത് തമിഴ്നാട് നിർത്തി വച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജലനിരപ്പ് ഉയർന്നുവരുന്ന സാഹചര്യത്തിൽ തമിഴ്നാട് കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് പരമാവധി കൂട്ടണമെന്ന് കേരളം ആവശ്യപ്പെട്ടിരുന്നു. ഡാമിൽനിന്നും ടണൽ മുഖേന തമിഴ്നാട് കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് 6-12-2015 മുതൽ വർദ്ധിപ്പിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന താൽപ്പര്യം സംരക്ഷിച്ച കിട്ടുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ തമിഴ്നാട് നൽകുവാൻ മേൽനോട്ട സമിതി ചെയർമാനോടും കേന്ദ്ര സർക്കാരിനോടും കേന്ദ്ര ജല കമ്മീഷനോടും അഭ്യർത്ഥിച്ചിട്ടുണ്ട്. അപകടങ്ങളും ദുരന്തങ്ങളും ഒഴിവാക്കുന്നതിന് ആവശ്യമായ മുൻകരുതലുകളെടുക്കാൻ തമിഴ്നാട് നിർദ്ദേശം നൽകണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

വിദ്യാലയങ്ങളിലെ കുടിവെള്ളത്തിന്റെ ശുദ്ധി

22(*232) ശ്രീ. കെ. എം. ഷാജി :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ശുദ്ധി ഉറപ്പാക്കുന്നതിന് സ്കൂളുകളിൽത്തന്നെ പരിശോധനാ ലാബുകൾ ആരംഭിക്കാൻ ജലവിഭവ വകുപ്പിന് ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കുടിവെള്ളത്തിന്റെ ശുദ്ധി പരിശോധിക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുവാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നല്കുമോ;

(സി) എല്ലാ വിദ്യാലയങ്ങളിലും ശുദ്ധമായ കുടിവെള്ളം മുടക്കമില്ലാതെ ലഭ്യമാക്കുവാൻ പദ്ധതിയുണ്ടോ; ജലശുദ്ധീകരണത്തിനുള്ള ലഘു പദ്ധതികളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly